V റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VI ക്രമപ്രശ്നം

മാറാട് സംഭവം അന്വേഷിക്കുന്നതിന് സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമാക്കാത്തത് സംബന്ധിച്ച്

ശ്രീ. എ.കെ. ബാലൻ : സർ, മാറാട് സംഭവത്തിലെ അന്വേഷണവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു ക്രമപ്രശ്നമുണ്ട്. മാറാട് സംഭവത്തിനുശേഷം ഹൈക്കോടതി സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. രണ്ടു പ്രാവശ്യം മുഖ്യമന്ത്രി ചീഫ് ജസ്റ്റിസിന് കത്തയച്ചു. ഒരു പ്രാവശ്യം നേരിട്ടുകണ്ടു. ചീഫ് ജസ്റ്റിസ് സിറ്റിംഗ് ജഡ്ജിയെ വിട്ടുകൊടുക്കില്ലായെന്ന് കാറ്റഗറിക്കലായി തീരുമാനിച്ചുകഴിഞ്ഞു. ഒൻപതുപേർ മരണപ്പെട്ട സംഭവത്തിൽ അന്വേഷണം നടത്താൻ ബഹുമാനപ്പെട്ട ഹൈക്കോടതി തയ്യാറാകാത്തതിന്റെ പശ്ചാത്തലം എന്താണെന്ന് വളരെ ഗൗരവമായി നമ്മൾ കണക്കിലെടുക്കേണ്ടതുണ്ട്.

സർ, ഇതൊരു പ്രശ്നം. ഒരു സംഭവം അല്ലെങ്കിൽ ഒരു ദുരന്തം ആവർത്തിക്കാതിരിക്കാനും കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും ഗവൺമെന്റിനുള്ള ബാദ്ധ്യതപോലെ തന്നെ ജുഡീഷ്യറിക്കുമുണ്ട്. ഭരിക്കുന്ന പാർട്ടിക്കോ പ്രതിപക്ഷത്തിനോ സ്വാധീനിക്കാൻ പറ്റാത്ത ഓരെയൊരു സ്വതന്ത്രവേദിയാണ് ജുഡീഷ്യറി എന്ന സങ്കൽപ്പമാണുള്ളത്. ഗവൺമെന്റ് നടത്തിയാൽത്തന്നെ സംശയമുണ്ടാകു മെന്നുള്ളതുകൊണ്ടാണ് സ്വതന്ത്ര ബോഡിക്ക് വിട്ടുകൊടുക്കുന്നത്. അവർ ആ ബാദ്ധ്യതയിൽ നിന്ന് ഒഴിഞ്ഞു മാറുന്നു. ഇങ്ങനെയൊരു സമീപനം സ്വീകരിച്ചുകഴിഞ്ഞാൽ ജുഡീഷ്യറിയെ, എക്സിക്യൂട്ടീവിനെ, ലെജിസ്ലേച്ചറിനെ സംബന്ധിച്ചുള്ള ഏകീകരണവും പരസ്പരവിശ്വാസവും വല്ലാത്ത രൂപത്തിൽ വേർപെട്ടുപോകും. കേരള ഗവൺമെന്റ് പറഞ്ഞു ജുഡീഷ്യറി എന്ന്, ചിലർ പറഞ്ഞു സി.ബി.ഐ. എന്ന്, ഹൈക്കോടതി പറയുന്നു അന്വേഷിക്കുകയില്ലാ എന്ന്. ഇതൊക്കെക്കൂടി വായിക്കുമ്പോൾ വല്ലാത്ത രൂപത്തിലുള്ള ഒരു ആശങ്ക ജനങ്ങളിലുണ്ടാകും. അതുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതിനെ സംബന്ധിച്ച് എന്തെങ്കിലും പരാമർശം നടത്താനുണ്ടോ എന്നുള്ളതാണ്

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഒന്നുമില്ല. ശ്രീ. ബാലന് ഹൈക്കോടതിയെപ്പറ്റി പറയാൻ അനുവദിച്ചു എന്നേയുള്ളൂ മുഖ്യമന്ത്രി ഒന്നും പറയുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ഇതിനെക്കുറിച്ച് പറഞ്ഞ സ്ഥിതിക്ക് ഞാൻ പറയാതിരുന്നാൽ തെറ്റിദ്ധാരണയുണ്ടാകും. ഹൈക്കോടതിയെ കുറിച്ചുള്ള പരാമർശം വളരെ തെറ്റിദ്ധാരണാജനകമാണ്. ഹൈക്കോടതി ചീഫ് ജസ്റ്റീസിന് രണ്ടു പ്രാവശ്യം ഞാൻ എഴുതിക്കൊടുക്കുകയും അദ്ദേഹത്തോട് നേരിട്ട് സംസാരിക്കുകയും ചെയ്തു. പക്ഷേ അവർ പറഞ്ഞത് ഇപ്പോൾ വളരെയേറെ വേക്കൻസിയുണ്ട്, ഈ സാഹചര്യത്തിൽ സ്പെയർചെയ്യാൻ പ്രയാസമാണെന്നാണ്. കർണ്ണാടക ചീഫ് ജസ്റ്റീസിന് ഞാൻ എഴുതിയപ്പോൾ അദ്ദേഹവും പറഞ്ഞത് ഇതുതന്നെയാണ്. രണ്ടു പ്രാവശ്യം അദ്ദേഹത്തിന് എഴുതി. മറ്റു പലരേയും ശ്രമിച്ചുനോക്കി. തെക്കൻ സംസ്ഥാനങ്ങളിലൊക്കെ ശ്രമിച്ചു. അവരെല്ലാം പറയുന്നത് ഇപ്പോൾ സ്പെയർ ചെയ്യാൻ പ്രയാസമാണെന്നാണ്. അതു മനപ്പൂർവ്വമാണെന്നുള്ള വ്യാഖ്യാനം ഉണ്ടാകുന്നതു ശരിയല്ല. അങ്ങനെയൊരു തെറ്റിദ്ധാരണ കോടതിയും ഗവൺമെന്റും ജനങ്ങളും തമ്മിൽ ഉണ്ടാകാൻ പാടില്ല. ഇപ്പോൾ തിരുമാനിച്ചിരിക്കുന്നത് ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയെ കിട്ടാത്തതുകൊണ്ട് ഒരു സീനിയർ ആയിട്ടുള്ള സിറ്റിംഗ് ഡിസ്ട്രിക്റ്റ് ജഡ്ജിയെ വിട്ടുതരണമെന്ന് ഹൈക്കോടതിയോട് അഭ്യർത്ഥിക്കാനാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അങ്ങനെ വന്നാൽ സി.ബി.ഐ. അന്വേഷണം എന്നുള്ള ആർ.എസ്.എസ്. ആവശ്യത്തിന് മുൻഗണന കിട്ടും. അത് ഒഴിവാക്കാൻ മുഖ്യമന്ത്രി ശ്രമിക്കണം, എവിടെ നിന്നെങ്കിലും ഒരു ഹൈക്കോടതി സിറ്റിംഗ് ജഡ്ജിയെ കൊണ്ടുവരണം. പ്രത്യേകിച്ച് മുഖ്യമന്ത്രിക്ക് കേന്ദ്രതലത്തിൽ വലിയ സ്വാധീനമുണ്ട്. സുപ്രീംകോടതി ചീഫ് ജസ്റ്റീസിനെപ്പോലും അദ്ദേഹത്തിന് ബന്ധപ്പെടാൻ കഴിയും. കർണ്ണാടക സംസ്ഥാനം ഭരിക്കുന്നത് കോൺഗ്രസ്സാണ്. നിരവധി സംസ്ഥാനങ്ങളിൽ കോൺഗ്രസ് ഭരിക്കുന്നുണ്ട്.

മി. സ്പീക്കർ : കോൺഗ്രസ്സുകാർക്ക് ജൂഡീഷ്യറിയിൽ എന്തു ബന്ധം?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ച കാലത്ത് മദ്യ ദുരന്തം അന്വേഷിക്കാൻ ഒരു സിറ്റിംഗ് ജഡ്ജിയെ കർണ്ണാടകത്തിൽ നിന്ന് കിട്ടി.

മി. സ്പീക്കർ : കർണ്ണാടകത്തിലും ചോദിച്ചെന്നു പറഞ്ഞില്ലേ? (ബഹളം) ...ഒരാൾക്ക് ഒരു സബ്മിഷൻ അനുവദിച്ചു. അതിനു മറുപടി പറഞ്ഞു. കർണ്ണാടകത്തിലെ ചീഫ് ജസ്റ്റീസിന് എഴുതിയെന്ന് അദ്ദേഹം പറഞ്ഞു. അതു കേട്ടില്ലേ...(ബഹളം).. Legislative Business. Please resume your seat. No, No, Nothing more will go in record in this subject.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : പത്തു പതിനഞ്ചു സംസ്ഥാനങ്ങൾ ഇൻഡ്യയിൽ ഉണ്ട്. എത്ര സംസ്ഥാനങ്ങളിലെ ചീഫ് ജസ്റ്റീസുമാർക്ക് ഇതു സംബന്ധിച്ച് റിക്വസ്റ്റ് അയച്ചു എന്ന് അറിയാൻ താല്പര്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അതു പറഞ്ഞു. തെക്കേ ഇൻഡ്യയിലുള്ളവർക്ക് എഴുതിയെന്നു പറഞ്ഞു.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : അതു പറഞ്ഞില്ല. കർണ്ണാടകത്തിലെ മാത്രമാണ് പറഞ്ഞത്. ഇത് വളരെ അപകടകരമായിട്ടുള്ള സ്ഥിതിയിലേയ്ക്ക് ജനങ്ങളെ ചിന്തിപ്പിക്കും. സി.ബി.ഐ. അന്വേഷണം എന്നു പറഞ്ഞ് കുരവയിട്ടു നടക്കുന്നവർ അനുകൂലമായ ഒരു പശ്ചാത്തലം ഒരുക്കാൻ സഹായകരമായ നിലയിൽ പോകരുത്. കഴിയുന്നത്ര സിറ്റിംഗ് ജഡ്ജസിനെ ജുഡീഷ്യൽ അന്വേഷണത്തിനുവേണ്ടി അഭ്യർത്ഥിച്ചു കൊണ്ടു വരുന്നതിനു വേണ്ടി ശ്രമിക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നതിന്റെ ചുരുക്കം.

മി. സ്പീക്കർ: ഇതൊക്കെ ചട്ടവിരുദ്ധമായി അനുവദിക്കുന്നതാണ്. (ബഹളം) നിങ്ങൾക്ക് പറയാനുള്ള അവസരങ്ങൾ തരുകയാണ്. Not exceed the limit. പ്രതിപക്ഷനേതാവ് പറഞ്ഞത് വളരെ ശരിയാണ്. സി.ബി.ഐ. അന്വേഷിക്കണമെന്ന് നമ്മൾ ആഗ്രഹിക്കാത്ത രംഗത്തേക്ക്, അതു പോകാതിരിക്കണമെന്നുണ്ടെങ്കിൽ അന്വേഷണം നേരത്തേ ഓർഡർ ചെയ്യണം, അല്ലെങ്കിൽ അത് അപകടത്തിൽ വരും.

VII നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, ഞാൻ പിൻതാങ്ങുന്നു.

മി. സ്പീക്കർ: ഈ ബിൽ നമുക്ക് ഇന്ന് തീർക്കേണ്ടതാണ്. ധാരാളം അമെൻഡ്മെന്റുകൾ ഉണ്ട്. ക്ളാസുകൾ കുറവാണ്. ഇന്നലെ ഹൗസിൽ പ്രകടിപ്പിച്ച വികാരം ഇവിടെ അമെൻഡ്മെൻഡിന് കൂടുതൽ സമയം നൽകണമെന്നാണ്. അതുകൊണ്ട് സംസാരിക്കുന്ന ആളുകൾ യാതൊരു കാരണവശാലും പത്തു മിനിറ്റിൽ കൂടുതൽ എടുക്കരുത്. നമ്മൾ കാടു കയറിയില്ലെങ്കിൽ, കാര്യങ്ങൾ മാത്രം പറയുകയാണെങ്കിൽ 10 മിനിറ്റിനകം പറയാം. അല്ലെങ്കിൽ നമ്മൾ നാലു മണി വരെ ഇരിക്കേണ്ടിവരും. വിയോജനക്കുറിപ്പ് മൂന്നുപേർ തന്നിട്ടുണ്ട്. മറ്റു ബില്ലുകൾ പോലെ ഒന്നര മണിക്ക് മാറ്റി വയ്ക്കാൻ പറ്റില്ല. ഇന്നു തന്നെ തീർക്കണം.

LIBRARY ARCHIVES Kerala Legislative Assembly